**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6765** **11-07-2024 - ൽ മറുപടിയ്ക്ക്**

**ഭൂരഹിതർക്ക് പട്ടയം നൽകാനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭൂരഹിതരായി പുറമ്പോക്ക് ഭൂമിയിലും മറ്റും താമസിക്കുന്ന അർഹരായവർക്കെല്ലാം പട്ടയം നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്, പുറമ്പോക്ക് ഭൂമികളിൽ താമസിച്ച് വരുന്ന ഭൂരഹിതരായ മുഴുവൻ പേർക്കും അർഹതയുടെ അടിസ്ഥാനത്തിൽ ഭൂമി പതിച്ച് കൊടുക്കണമെന്ന സർക്കാർ നയത്തിന്റെ ഭാഗമായി പട്ടയ മിഷൻ ഉൾപ്പെടെ നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. നിയമസഭാ മണ്ഡലങ്ങളിലെ പട്ടയ മിഷന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി പട്ടയ അസംബ്ലി എന്ന പേരിൽ എം.എൽ.എ.-മാരുടെ അദ്ധ്യക്ഷതയിൽ ജനപ്രതിനിധികളുടെ യോഗം ചേർന്ന് പട്ടയ പ്രശ്നങ്ങൾ കണ്ടെത്തുകയും അവ ഒരു ഡാഷ്ബോർഡിൽ ഉൾപ്പെടുത്തി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ ജില്ലാ അടിസ്ഥാനത്തിൽ മന്ത്രി തന്നെ പങ്കെടുത്തു കൊണ്ടുള്ള പട്ടയ അദാലത്തുകൾ നടത്തി വരുന്നു. എന്നാൽ ചില നിയമ പ്രശ്നങ്ങൾ മൂലം പല പട്ടയ പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയാത്ത സാഹചര്യങ്ങളുമുണ്ട്. പഞ്ചായത്ത് രാജ് ആക്ട് പ്രകാരം പഞ്ചായത്തുകളിൽ നിക്ഷിപ്തമാക്കപ്പെട്ട ഭൂമി പുനർനിക്ഷിപ്തമാക്കുന്നതിന് നിലവിൽ വ്യവസ്ഥ ഇല്ലാത്തതുമൂലം ആയതിന് കഴിയാത്ത സാഹചര്യമുണ്ട്. ഇത് പരിഹരിക്കാൻ നിയമഭേദഗതി ഉൾപ്പെടെയുള്ള കാര്യങ്ങൾ സർക്കാർ ആലോചിച്ചു വരുന്നുണ്ട്. 1964-ലെ ഭൂപതിവ് ചട്ട പ്രകാരവും 1955-ലെ മുനിസിപ്പൽ ഭൂപതിവ് ചട്ട പ്രകാരവും പതിവിന് വിധേയമല്ലാത്ത പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിന് നിയമ തടസ്സമുണ്ട്. ഇത്തരം കേസുകൾ തികച്ചും അർഹതയുള്ളതാണെന്നും കൈവശക്കാരെ പുനരധിവസിപ്പിക്കാൻ കഴിയില്ലാത്ത സാഹചര്യത്തിൽ പൊതു താല്പര്യത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ സവിശേഷ അധികാരം ഉപയോഗിച്ച് ഭൂമി പതിച്ചു നൽകുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | അർഹരായവർക്കെല്ലാം പട്ടയം നൽകുന്നതിനു നിലവിലുള്ള നിയമതടസ്സങ്ങൾ എന്തെല്ലാമാണ്; ഇവ പരിഹരിക്കാൻ സ്വീകരിക്കാനാവുന്ന നടപടികൾ വിശദീകരിക്കുമോ? | (ബി) | ഉണ്ട്, പുറമ്പോക്ക് ഭൂമികളിൽ താമസിച്ച് വരുന്ന ഭൂരഹിതരായ മുഴുവൻ പേർക്കും അർഹതയുടെ അടിസ്ഥാനത്തിൽ ഭൂമി പതിച്ച് കൊടുക്കണമെന്ന സർക്കാർ നയത്തിന്റെ ഭാഗമായി പട്ടയ മിഷൻ ഉൾപ്പെടെ നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. നിയമസഭാ മണ്ഡലങ്ങളിലെ പട്ടയ മിഷന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി പട്ടയ അസംബ്ലി എന്ന പേരിൽ എം.എൽ.എ.-മാരുടെ അദ്ധ്യക്ഷതയിൽ ജനപ്രതിനിധികളുടെ യോഗം ചേർന്ന് പട്ടയ പ്രശ്നങ്ങൾ കണ്ടെത്തുകയും അവ ഒരു ഡാഷ്ബോർഡിൽ ഉൾപ്പെടുത്തി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ ജില്ലാ അടിസ്ഥാനത്തിൽ മന്ത്രി തന്നെ പങ്കെടുത്തു കൊണ്ടുള്ള പട്ടയ അദാലത്തുകൾ നടത്തി വരുന്നു. എന്നാൽ ചില നിയമ പ്രശ്നങ്ങൾ മൂലം പല പട്ടയ പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയാത്ത സാഹചര്യങ്ങളുമുണ്ട്. പഞ്ചായത്ത് രാജ് ആക്ട് പ്രകാരം പഞ്ചായത്തുകളിൽ നിക്ഷിപ്തമാക്കപ്പെട്ട ഭൂമി പുനർനിക്ഷിപ്തമാക്കുന്നതിന് നിലവിൽ വ്യവസ്ഥ ഇല്ലാത്തതുമൂലം ആയതിന് കഴിയാത്ത സാഹചര്യമുണ്ട്. ഇത് പരിഹരിക്കാൻ നിയമഭേദഗതി ഉൾപ്പെടെയുള്ള കാര്യങ്ങൾ സർക്കാർ ആലോചിച്ച് വരുന്നുണ്ട്. 1964-ലെ ഭൂപതിവ് ചട്ട പ്രകാരവും 1955-ലെ മുനിസിപ്പൽ ഭൂപതിവ് ചട്ട പ്രകാരവും പതിവിന് വിധേയമല്ലാത്ത പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിന് നിയമ തടസ്സമുണ്ട്. ഇത്തരം കേസുകൾ തികച്ചും അർഹതയുള്ളതാണെന്നും കൈവശക്കാരെ പുനരധിവസിപ്പിക്കാൻ കഴിയില്ലാത്ത സാഹചര്യത്തിൽ പൊതു താല്പര്യത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ സവിശേഷ അധികാരം ഉപയോഗിച്ച് ഭൂമി പതിച്ച് നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ